# അല്ലാഹു

നമുക്കു ചുറ്റും നോക്കൂ. എന്തെല്ലാം ജീവികളും സസ്യങ്ങളുമാണ്. മുകളിൽ ആകാശം. അതിൽ സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും. എല്ലാം സമയം തെറ്റാതെ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നു. ഇവയൊക്കെ സൃഷ്ടിച്ചു നിയന്ത്രിക്കുന്നത് അല്ലാഹുവാണ്. ഈ ലോകത്തുള്ള ഒന്നും തന്നെ സ്വയം ഉണ്ടായതല്ല. മുഴുവനും സൃഷ്ടിച്ചുണ്ടാക്കിയ ഒരുവനുണ്ട്. അത് അല്ലാഹുവാണ്.

എവിടെയാണ് അല്ലാഹു? അവൻ ആകാശത്തിലാണ്.
അവനെ ഈ ലോകത്ത് വെച്ച് കാണാൻ കഴിയില്ല.
പരലോകത്ത് വെച്ച് നാമവനെ കാണുന്നതാണ്.

നമുക്കെല്ലാം ജീവനുണ്ടെന്ന് ഉറപ്പല്ലേ ?
എന്നാൽ എവിടെ നമ്മുടെ ജീവൻ ?
മരങ്ങളും ചെടികളും ഇളകുന്നത് നിങ്ങൾ കണ്ടിട്ടില്ലേ ?
എന്തു കൊണ്ടാണത് ? കാറ്റടിച്ചതുകൊണ്ട് അല്ലേ ?
എന്നാൽ എവിടെയാണ് കാറ്റ്?

എവിടെയാണ് നാം ശ്വസിക്കുന്ന വായു ? ഇടിയുടെ ശബ്ദം നിങ്ങൾ കേട്ടിട്ടില്ലേ ? എന്നാൽ നിങ്ങൾ ഇടിയെ കണ്ടിട്ടുണ്ടോ ? ഇതുപോലെ അല്ലാഹുവിൻെറ സൃഷ്ടികളിൽ പലതിനേയും നമുക്കു കാണാൻ കഴിയുന്നില്ല. നമ്മൾ കാണാത്തതൊന്നും ഇല്ല എന്ന് പറയാമോ ?

ഒരു ചെറിയ വിത്തിൽ നിന്ന് വലിയ മരങ്ങൾ ഉണ്ടാക്കുന്നത് അല്ലാഹുവാണ്. നമുക്കെല്ലാം ജീവൻ നൽകുന്നതും ആഹാരം നൽകുന്നതും അല്ലാഹു തന്നെ. നമ്മെ മരിപ്പിക്കുന്നതും അല്ലാഹു മാത്രം. അവൻ നമ്മളോട് വളരെയധികം കാരുണ്യമുള്ളവനാണ്.

റബ്ബിൽ വിശ്വസിക്കണം
റബ്ബിനോട് തേടണം
നന്മ സ്വീകരിക്കണം
തിൻമ കൈവെടിയണം

കടപ്പാട്: കേരള നദ്‌വത്തുൽ മുജാഹിദീൻ വിദ്യഭ്യാസ ബോർഡ്